ക്കാരെ സഹായിക്കുവാൻ കോൺഗ്രസ്സും പ്രതിപക്ഷവും ശ്രമിക്കുകയാണ്. ശ്രീ. പത്മരാജന്റെ പേരിൽ 72 കോടി രൂപയുടെ അഴിമതി ആരോപണം നടന്നത് ഇവരുടെ കാലത്താണ്. അതുപോലെ കുരിയാർകുട്ടി-കാരാപ്പാറ അഴിമതി, ശ്രീ. കെ. കരുണാകരന്റെ പേരിലുള്ള പാമോയിൽ അഴിമതി ഇതിനൊക്കെ കൂട്ടുനിൽക്കുകയാണ്. ശ്രീ. എ.കെ. ആന്റണിയും ഭരണമുന്നണിയും ചെയ്തിട്ടുള്ളത്. അഴിമതിക്കാരെ ന്യായീകരിക്കുന്ന ശ്രീ. എ.കെ. ആന്റണിയുടെ നിലപാട് വളരെയേറെ പ്രതിഷേധാർഹമാണ്, ഒരിക്കലും സ്വീകാര്യമല്ല. ഇലക്ഷൻ വരട്ടെ നമുക്ക് ജനങ്ങളെ നേരിടാം.

മി. സ്പീക്കർ : പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ..... പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

മി. സ്പീക്കർ : റൂൾ അനുസരിച്ച് നിയമനിർമ്മാണകാര്യം 1.30-ന് ചർച്ചയ്ക്ക് എടുക്കേണ്ടതായിരുന്നു. സഭയുടെ അനുമതിയോടെ തുടർന്ന് ഇരിക്കേണ്ടി വരും. സഭയുടെ അനുമതിയോടെ നിയമനിർമ്മാണകാര്യത്തിലേയ്ക്ക് കടക്കുന്നു.

IX. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ † പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഞാൻ ഒരു നോട്ടീസ് നല്കിയിരുന്നു.

മി. സ്പീക്കർ : ശ്രീമതി കെ. ആർ ഗൗരിയമ്മയുടെ നോട്ടീസ് ലഭിച്ചു. അതു ഈ സ്റ്റേജിലല്ല ചർച്ചചെയ്യപ്പെടേണ്ടത്. അതിനു ഓരോ സ്റ്റേജുണ്ട്. കഴിഞ്ഞ ദിവസം അവതരിപ്പിച്ചപ്പോൾ കൊണ്ടുവരേണ്ടിയിരുന്നു.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇപ്പോൾ സംസാരിക്കാം, അങ്ങനെയുള്ള നടപടിക്രമമുണ്ട്.

മി. സ്പീക്കർ : അങ്ങനെ നടപടിക്രമം ഇല്ല. കഴിഞ്ഞ ദിവസം ഇതുപോലൊരു പ്രശ്നം വന്നപ്പോൾ എന്റെ മുൻഗാമികളുടെ റൂളിംഗ് ഞാൻ പരിശോധിച്ചതാണ്. ഇത് ഒബ്ജക്ഷനാണ്. രണ്ടാമത്തെ സ്റ്റേജിൽ ഇനി വകുപ്പുതിരിച്ചുള്ള ചർച്ചയേയുള്ളൂ.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഇപ്പോൾ ഒപ്പോസ് ചെയ്യാം.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇപ്പോൾ ഒപ്പോസ് ചെയ്യുവാൻ പറ്റുകയില്ല. ചട്ടപ്രകാരം അതിനു അവകാശമില്ല.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : അങ്ങനെയുള്ള കീഴ്വഴക്കമുണ്ട്.

മി. സ്പീക്കർ : അങ്ങനെയുള്ള കീഴ്വഴക്കമില്ല. ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ സ്പീക്കറായിരുന്നപ്പോഴുള്ള റൂളിംഗ് ഇതു സംബന്ധിച്ച് പ്രസക്തമായുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : മൂന്നാംവായനയിൽ പറയാം.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : എന്നെക്കൊണ്ട് പറയിപ്പിക്കില്ലെങ്കിൽ വേണ്ട.

മി. സ്പീക്കർ : അങ്ങനെ ഒരിക്കലും ഇല്ല.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തി വയ്ക്കൽ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ അധികം സംസാരിക്കുന്നില്ല. 1964-ലാണ് ഭൂപരിഷ്കരണനിയമം നടപ്പാക്കിയത്. ഏതാണ്ട് 10 ലക്ഷം ഏക്കറോളം മിച്ചഭൂമിയുണ്ട്. ഇപ്പോൾ മിച്ചഭൂമി സമയത്ത് വിതരണം ചെയ്യാത്തതുകൊണ്ട് പലരും കൈവശപ്പെടുത്തി അതിൽ താമസിക്കുന്നു. അവരെ ഒഴിപ്പിക്കുവാൻ പാടില്ല എന്നുള്ളത് ആവശ്യമാണ്. എന്നാൽ ഇതു നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. അടുത്ത അസംബ്ലി സമ്മേളനത്തിലെങ്കിലും ഇത് നടപ്പിലാക്കി അടിയന്തിരമായി ഈ ഭൂമി അർഹതപ്പെട്ടവർക്ക് കൊടുക്കണം. ലക്ഷക്കണക്കിന് ഏക്കർ മിച്ചഭൂമി ഇപ്പോഴുണ്ട്. ആ ഭൂമി ഏറ്റെടുത്ത് കർഷകത്തൊഴിലാളികൾക്കും ഭൂരഹിതർക്കും കൊടുക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. 30-35 കൊല്ലത്തോളമായി ഈ ബില്ല് വന്നിട്ട്. ഇത് ഇങ്ങനെ നീട്ടിക്കൊണ്ടുപോയി. ഗവൺമെന്റുകൾ മാറി മാറിവന്നു. ഇനി രണ്ടുകൊല്ലത്തേയ്ക്ക് നീട്ടേണ്ട ആവശ്യമില്ല. അടുത്ത സമ്മേളനസമയത്തെങ്കിലും കർഷകത്തൊഴിലാളികളേയും ഗ്രാമപഞ്ചായത്തുകളേയും വിളിച്ച് അർഹതപ്പെട്ടവർ എത്ര, എത്ര ഭൂമി ഇനി കിട്ടാനുണ്ട് എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതു സംബന്ധിച്ച കേസുകൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയിട്ട് അവസാനം ഭൂമി ഇല്ലാത്ത സാഹചര്യം വരുകയാണ്. ആയിരക്കണക്കിനു ഏക്കർ ഭൂമി കള്ള റിക്കാർഡ് ഉണ്ടാക്കി ഓരോരുത്തരുടെ കൈവശം ഉണ്ട്. അതിന് ഉദ്യോഗസ്ഥന്മാരും മറ്റുള്ളവരും കൂട്ടുനിന്ന് ഭൂമി ഇല്ലാതാക്കി. അഞ്ച് ലക്ഷത്തോളം ഭൂരഹിതരുള്ള കേരളംപോലുള്ള ഒരു സംസ്ഥാനത്ത് ഈ നിയമം നടപ്പാക്കുവാൻ ഇത്രകണ്ട് താമസം വന്നുവെങ്കിൽ ഇൻഡ്യാ രാജ്യത്തെ ആകെ സ്ഥിതി എന്തായിരിക്കും? ഭൂപരിഷ്കരണ നിയമം നടപ്പാക്കാൻ പാടില്ല എന്ന് ഈ രാജ്യത്ത് ദൈവദോഷം പറഞ്ഞു. ഈ നിയമം കേരളത്തിലും ഇൻഡ്യാരാജ്യത്ത് മുഴുവനും പണ്ഡിറ്റ് ജവർഹലാൽ നെഹറു കൊണ്ടുവന്നതാണ്; ഭൂരഹിതരായവർക്ക് ഭൂമി കൊടുക്കണമെന്ന് പറഞ്ഞു. എന്നിട്ട് അവർ ഭരിച്ച സ്ഥലങ്ങളിലൊന്നും ഭൂമി കൊടുക്കുവാൻ കഴിഞ്ഞില്ല. 1957-ലെ ഗവൺമെന്റ് വന്നപ്പോൾ ഇവിടെ വിമോചനസമരം നടത്തി. ആ ഗവൺമെന്റിനെ അട്ടിമറിച്ച് തുടർന്നുവന്ന ഗവൺമെന്റും അതു ചെയ്തില്ല. അർഹതപ്പെട്ടവർക്ക് മിച്ചഭൂമി കൊടുക്കുന്ന നിയമം കളങ്കമില്ലാതെ നടപ്പാക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻവൈദ്യർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവ യ്ക്കൽ ബിൽ സർക്കുലേറ്റചെയ്ത് വീണ്ടും അതേ സബ്ജറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രധാനപ്പെട്ട ഒരു കാര്യം, 1970-ൽ ഭൂപരിഷ്കരണനിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ മിച്ചഭൂമി ഗവൺമെന്റ് ഏറ്റെടുക്കണമെന്നും ആ ഭൂമി ആർക്കെല്ലാം വിഭജിച്ചുകൊടുക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ആ വ്യവസ്ഥകളെ മറികടക്കുവാനും വഞ്ചി ക്കുവാനുംവേണ്ടി പരിധിയിൽക്കവിഞ്ഞ ഭൂമിയുള്ള ഭൂ ഉടമകൾ ശ്രമിച്ചതിന്റെ ദാരുണമായ, ഞെട്ടിപ്പിക്കുന്ന ഒരു ഉദാഹരണം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ ഓമ ശ്ശേരി പഞ്ചായത്തിൽ ചാരോത്തു വില്ലേജിൽ മറിയനാദപുരം എസ്റ്റേറ്റ് വക മിച്ചഭൂമിയുണ്ട്. ആ സ്ഥലത്ത് ജന്മിക്ക് ജന്മിപ്രതിഫലം എസ്റ്റേറ്റുകാർ കൊടുക്ക ണം. ജന്മിയുമായി ബന്ധപ്പെട്ട്, ഇവർ ജന്മിക്ക് പ്രതിഫല സംഖ്യക്ക് പകരം നാലര ഏക്കർ ഭൂമി വിറ്റു. രജിസ്റ്റർ ആധാര പ്രകാരം 1971-ൽ ഭൂമി വിറ്റു. അതി നുശേഷം 1974-ൽ എസ്റ്റേറ്റ് ഉടമകൾ മിച്ചഭൂമി സർക്കാരിലേക്ക് പതിച്ചുകൊടു ക്കുന്നതിനുവേണ്ടി സറണ്ടർ ചെയ്തു. അത് സറണ്ടർ ചെയ്തതിൽ വില വാങ്ങി വിറ്റ ആധാരപ്രകാരം വിറ്റിട്ടുള്ള ഭൂമിയും മിച്ചഭൂമിയായി വിട്ടുകൊടു ത്തു. അത് രേഖയുള്ളതാണ്. ജന്മിക്ക് വിറ്റതിനും രേഖയുണ്ട്. ജന്മി പത്ത് കുടുംബങ്ങൾക്ക് നാലര ഏക്കർ മിച്ചഭൂമി പതിച്ചുകൊടുത്തു. ജന്മി വിറ്റതാണ്. അതും ദാനം തീറാധാരമായിട്ടാണ് വിറ്റിട്ടുള്ളത്. ആ നിലയിൽ ലക്ഷക്കണ ക്കിന് രൂപ കൊടുത്ത ഭൂമി ഏറ്റെടുത്തുവാങ്ങിയിട്ടുള്ള കുടുംബങ്ങളെ ഒഴിപ്പി ക്കാനുള്ള നടപടികളുമായി റവന്യൂ ഡിപ്പാർട്ട്മെന്റ് മുന്നോട്ടു പോകുകയാണ്. മേൽപ്പറഞ്ഞ എസ്റ്റേറ്റിന്റെ അധീനതയിൽ ധാരാളം ഭൂമി ഇനിയുമുണ്ട്. സർക്കാരിനേയും ലാൻഡ് ബോർഡിനേയുമെല്ലാം വഞ്ചിച്ചിട്ടുള്ള ഈ എസ്റ്റേറ്റ് ഉടമകളിൽനിന്ന് ഭൂമി എടുക്കുന്നതിനുപകരം വില കൊടുത്ത് ജന്മാധാരം രജി സ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ള പാവപ്പെട്ട കുടിയാൻമാരെ ഒഴിപ്പിക്കാനാണ് ലാൻഡ് ബോർഡും റവന്യൂ ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ടവരും ശ്രമിച്ചുകൊ ണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മുന്നിൽ ഈ പ്രശ്നം എത്തിയിട്ടുള്ളതാണ്. ഞാൻ സൂചിപ്പിക്കുന്നത്, ഇത്തരത്തിൽ കൃത്രിമം നടത്തുന്നതിനുവേണ്ടി ഭൂവുടമകൾക്ക് കൂട്ടുനിന്നവർ ആരാണോ അവർക്കെതിരായി നടപടി എടുക്കാൻ ഗവൺമെന്റ് ശക്തമായ തീരുമാനമെടു ക്കണം എന്നാണ്. ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഇതുപോ ലുള്ള നിരവധി ഉദാഹരണങ്ങൾ കോഴിക്കോട് താലൂക്കിലുണ്ട്. അത്തരത്തിൽ ഭൂമികൾ തിരിമറി നടത്തിയിട്ടുള്ള, വഞ്ചന നടത്തിയിട്ടുള്ള ആളുകൾക്കെതി രായി അന്വേഷണം നടത്തി നടപടി എടുക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ഭേദഗതികൾ കഴിഞ്ഞു, ശ്രീ. കെ. സി ജോസഫിന് ഇനി സംസാരിക്കാം.

ശ്രീ. കെ. സി ജോസഫ് : സർ, ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. രണ്ടാംവട്ടമാണ് ഈ നിയമം ഇതേ രൂപത്തിൽ വരുന്നത്. 1998 -ൽ ഇതുപോലൊരു ബിൽ പാസ്സാക്കി, അതും ഒഴിപ്പിക്കൽ നിർത്തിവച്ചുകൊ ണ്ടാണ്. ഒരു കൊല്ലം കാലാവധി കൊടുത്തു. അന്ന് വകുപ്പുമന്ത്രി നിയമസഭ യിൽ പറഞ്ഞത്, ഒരു കൊല്ലത്തിനുള്ളിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരു

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ്. ഒരു കൊല്ലം കഴിഞ്ഞു. ഇപ്പോഴും നിയമം കൊണ്ടുവന്നിട്ടില്ല. എന്തുകൊണ്ടാണ് ഒരു നിയമമുണ്ടാകാത്തതെന്നു അങ്ങ് ദയവായി സഭയോട് പറയണം. അങ്ങേയ്ക്ക് ആഗ്രഹമുണ്ട്, പക്ഷേ അങ്ങയുടെ കൈകൾ ആരോ ബന്ധിച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എവിടെ നിന്നോ ചില ചരടുകൾ അങ്ങയുടെ മേൽ വീണിരിക്കുന്നു. ഇതിന് പരിഹാരമുണ്ടാക്കാതെയാണ് ഇപ്പോൾ മറ്റൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതൊരു ഒഴിഞ്ഞുമാറലാണ്. 1998-ൽ സഭയിൽ പറഞ്ഞതുപോലെ ഒരു നിയമം എന്തുകൊണ്ട് കൊണ്ടുവരുന്നില്ല? ഇതു പ്രാബല്യത്തിൽ വരണമെങ്കിൽ കേരളാ ലാൻഡ് റിഫോംസ് ആക്ട് അമെന്റ്ചെയ്യണം. അതിനു തയ്യാറാകാതെ ഇപ്പോഴെന്താണു ചെയ്യുന്നത്.? രണ്ടുകൊല്ലം കാലാവധി കൊടുത്തു, അങ്ങ് പറഞ്ഞത് 2001 മാർച്ച് 30 വരെ എന്നാണ്. ഈ ഗവൺമെന്റിന്റെ 5 കൊല്ലം കാലാവധി താമസിയാതെ പൂർത്തിയാകുകയാണ്, പിന്നെ നിങ്ങൾ ഈ ബാദ്ധ്യതയിൽനിന്ന് ഒഴിഞ്ഞുമാറുകയാണ്. ഇനി അടുത്ത സർക്കാർ ചെയ്തോട്ടെ എന്നു പറഞ്ഞ് ഈ നിയമത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണ്. ഇത് ശരിയല്ല. ഈ നിയമത്തിൽ പറയുന്ന കൃഷിക്കാരാരും കയ്യേറ്റക്കാരല്ല. അത് അങ്ങേയ്ക്കറിയാമല്ലോ. കണ്ണൂർ ജില്ലയിൽ വാഴമല, നരിക്കോട്മല, പാത്തിക്കൽ മല, കുടിയാൻമല, മാംപൊയിൽ, പാലത്തിൻകടവ്, ആര്യങ്കോട്, ചീത്തപ്പാറ, കീഴ്പ്പള്ളി, കാസർഗോഡ് ജില്ലയിലെ ചീമേനി, പാണത്തൂർ, പനത്തടി, മലപ്പുറം ജില്ലയിലെ പുള്ളിപ്പാടം, മമ്പാട് വില്ലേജുകളിൽ ഇത്തരം പ്രശ്നങ്ങളുണ്ട്. കൃഷിക്കാർ ഭൂമി വാങ്ങിയത് ഉത്തമവിശ്വാസത്തിലാണ്. ജന്മിമാർ ഭൂമി വിറ്റു എന്നു പറഞ്ഞു, വില കൊടുത്ത് ഭൂമി വാങ്ങിയവരെ ജന്മിമാർ കബളിപ്പിച്ചു. ജന്മിമാർ മിച്ചഭൂമി നിയമമനുസരിച്ച് സർപ്ലസ് ലാൻഡ് വിവരങ്ങൾ പറയാതെ വില വാങ്ങി അവർക്കു വിറ്റു. ഇതിൽ വളരെയേറെ പാളിച്ചകളുണ്ട്. 1957 വരെ മലബാർ മദിരാശിയുടെ ഭാഗമായിരുന്നു. അന്ന് മലബാറിൽ ഉണ്ടായിരുന്നത് 1949-ലെ മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് ആക്ട് (എം.പി.പി.എഫ്) ആണ്. അതാണ് മലബാറിനെ നയിച്ചിരുന്ന ഭൂനിയമം. 1963-ൽ കേരള നിയമസഭ കേരളാ ലാൻഡ് റിഫോംസ് ആക്ട് പാസ്സാക്കി. അന്ന് സഭയ്ക്ക് ഒരു പാളിച്ച പറ്റി. ആ നിയമം പാസ്സാക്കുമ്പോൾ 1949-ലെ മദ്രാസ് പ്രിസർവേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് ആക്ട് റിപ്പീൽ ചെയ്തില്ല. അപ്പോൾ ഒരേ അവസരത്തിൽ എം.പി.പി.എഫ് ആക്ടും കേരളാ ലാൻഡ് റിഫോംസ് ആക്ടും മലബാറിൽ പ്രാബല്യത്തിൽ വന്നു. ലാൻഡ് റിഫോംസ് ആക്ട് പാസ്സാക്കുമ്പോൾ അന്നത്തെ നിയമം റിപ്പീൽ ചെയ്തില്ല. നമുക്കു പറ്റിയ പാളിച്ചയാണ്. 1971-ൽ സ്വകാര്യവനദേശസാൽക്കരണ നിയമം കൊണ്ടുവന്നു. ആ നിയമം വരുമ്പോഴാണ് എം.പി.പി.എഫ്. ആക്ട് റിപ്പീൽ ചെയ്യുന്നത്. അന്ന് നിലവിലുണ്ടായിരുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ കുടിയേറ്റ കൃഷിക്കാർ ഭൂമി വാങ്ങി. അവർ മിച്ചഭൂമിയാണെന്ന് അറിഞ്ഞില്ല. അന്നുണ്ടായിരുന്ന വില കൊടുത്താണ് ഭൂമി വാങ്ങിയത്. ജന്മിമാർ എന്തുചെയ്തു? കൈവശമുള്ള ഭൂമിയിൽ മിച്ചഭൂമിയായി കൊടുത്ത ഭൂമി കൃഷിക്കാരന് വിറ്റു. കൈവശമുള്ള ഭൂമി അവർ സൂക്ഷിച്ചുവച്ചു. അങ്ങനെ കൃഷിക്കാരെ കബളിപ്പിച്ചു. മലബാറിലെ ഉദ്യോഗസ്ഥൻമാർ തെറ്റ് ചെയ്തു. അന്ന് ലാൻഡ് റിഫോംസ് ആക്ട് അനുസരിച്ചുള്ള മിച്ചഭൂമി ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. രേഖകളിൽ മിച്ചഭൂമിയാണ്, പക്ഷേ കൈവശം ജന്മിക്കു തന്നെ. അങ്ങനെ ജന്മിമാർ കബളിപ്പിച്ച ഒരു ബാക്ക്ഗ്രൗണ്ട് ഈ നിയമത്തിലുണ്ട്. അതുകൊണ്ട് ഈ നിയമം നീട്ടിക്കൊണ്ടുപോകരുത്. ഇത് ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ സംബന്ധിച്ച ബില്ലാണ്. ലാൻഡ് റിഫോംസ് ആക്ടിൽ മാറ്റം വരുത്താതെ

LIBRARY ARCHIVES Kerala Legislative Assembly

ഇതുസംബന്ധിച്ച പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. സഭയിലെ എല്ലാവരുടേയും പിൻബലം ഇതിനുണ്ട്. ശ്രീ. ബാലൻവൈദ്യരും, ശ്രീ. വർഗ്ഗീസ് വൈദ്യരും ഇവിടെ അക്കാര്യം പറഞ്ഞതാണ്. പിന്നെ എന്താണ് ഇതിൽ തെറ്റുള്ളത്? എന്താണ് പോരായ്മയുള്ളത്? ഇതിൽ പോരായ്മയുണ്ട്, അങ്ങേയ്ക്ക് അതറിയില്ല. പല ആളുകളും ഈ നിയമത്തെ തുരങ്കം വയ്ക്കാൻ ശ്രമിക്കുന്നു. ശ്രീ. ബാലൻവൈദ്യരേയും ശ്രീ. വർഗ്ഗീസ് വൈദ്യരേയും പാർട്ടിയിൽ പറഞ്ഞു സമ്മതിപ്പിക്കാൻ പ്രയാസമുണ്ടാകില്ല. കണ്ണൂരിൽ ഈ നിയമത്തിനെതിരായിട്ട് നിൽക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയാണ്. മാർക്സിസ്റ്റ് പാർട്ടി അംഗീകരിച്ചാൽ ഈ നിയമം പാസ്സാകും. നിങ്ങൾ സഭയിൽ നിയമം വേണമെന്നു പറയുന്നു. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റി അത് അംഗീകരിക്കുന്നില്ല. അതുകൊണ്ട് ഈ നിയമനിർമ്മാണം നീട്ടിക്കോണ്ടുപോകാതെ സഭയുടെ പൊതുവായ വികാരംമാനിച്ച് ദയവായി ഒഴിപ്പിക്കൽ നിർത്തിവയ്ക്കൽ മാത്രം പോരാ, ലാൻഡ് റിഫോംസ് ആക്ടിൽ മാറ്റം വരുത്തി മലബാറിലെ യഥാർത്ഥ കൃഷിക്കാർക്ക് കൈവശഭൂമിക്ക് അവകാശവും സംരക്ഷണവും പട്ടയവും നൽകണം, അതിന് ആവശ്യമായ നിയമമുണ്ടാക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, എല്ലാവരും ഈ ബില്ലിനോട് യോജിക്കുകയാണ്. എന്നാൽ ഒരു ഭേദഗതിയെ സംബന്ധിച്ചാണെങ്കിൽ അത് കുറച്ചുകൂടി ഗൗരവമായി ആലോചിച്ചുവേണം തീരുമാനമെടുക്കാൻ ഈ ബില്ലിനോട് എല്ലാ ഭാഗത്തും ചെറിയ തോതിൽ എതിർപ്പുണ്ട്, അപ്പുറത്തുമുണ്ട്, ഇപ്പുറത്തുമുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. മിച്ചഭൂമിയായി പ്രഖ്യാപിക്കപ്പെട്ട ഭൂമി മിച്ചഭൂമി ആണെന്നറിയാതെ പലരും വിലയ്ക്കുവാങ്ങിയിട്ടുണ്ട്. അതാണ് ഇവിടെ പ്രശ്നം. ചെറുകിട കൃഷിക്കാരാണ് അതിൽ ഭൂരിഭാഗവും. പിന്നീട്, കേസുകളിലൂടെ അതു മിച്ചഭൂമിയാണെന്ന് ബോധ്യപ്പെട്ടപ്പോൾ ആ ഭൂമി മുഴുവൻ ഒഴിപ്പിക്കണമെന്ന് കോടതിയും ട്രിബ്യൂണലും ആവശ്യപ്പെട്ടു. ധാരാളം ആളുകളെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ആ പ്രശ്നത്തിൽ മിച്ചഭൂമിയാണോ എന്ന് സജീവമായി ഇപ്പോഴും ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്, മിച്ചഭൂമി ആണെങ്കിൽ അത് അർഹരായിട്ടുള്ള ഭൂരഹിതരായിട്ടുള്ള കർഷകത്തൊഴിലാളികൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ലഭിക്കേണ്ടതാണ്. അത്തരം ഭൂമി ജന്മിയും കൈവശക്കുടിയാനും പരസ്പര ധാരണയോടുകൂടിയോ അല്ലാതെയോ കൈവശപ്പെടുത്തിക്കഴിഞ്ഞാൽ അർഹരായ തങ്ങൾ പിൻതള്ളപ്പെടും എന്ന അഭിപ്രായം ഭൂമി കിട്ടാൻ അർഹതയുള്ളവർക്ക് ശക്തമായിട്ട് ഉണ്ട്. ഈ പ്രശ്നത്തിൽ, അവരെക്കൂടി വിശ്വാസത്തിലെടുത്ത് ബോധ്യപ്പെടുത്തിക്കൊണ്ടേ ഒരു തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ഭൂപരിഷ്കരണനിയമത്തിൽ ഭേദഗതി വരുത്തി പ്രശ്നം പരിഹരിക്കുന്നതിനാണെങ്കിൽ ബിൽ ഇവിടെ അവതരിപ്പിച്ചു പാസ്സാക്കിക്കഴിഞ്ഞാലും പ്രസിഡന്റിന്റെ അനുമതിയോടുകൂടി മാത്രമേ നമുക്ക് ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

എല്ലാവരുമായി ചർച്ച നടത്തി എല്ലാവർക്കും സ്വീകാര്യമായ നിർദ്ദേശങ്ങൾ സ്വരൂപിച്ച് അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭേദഗതി കൊണ്ടുവരാൻ കഴിയൂ. അതിന് അല്പം സമയവും സാവകാശവും ആവശ്യമുണ്ട്. അങ്ങനെ സമയവും സാവകാശവുമെടുക്കുന്നതിനാണ് ഒരു കൊല്ലത്തേക്ക് തൽക്കാലം നടപടികൾ നിർത്തിവയ്ക്കുന്നതിനായി ഈ നിയമനിർമ്മാണം നടത്തുന്നത്. മറ്റ് പലവിധമുള്ള തിരക്കുകൾകൊണ്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഈപ്രശ്നം ഈ സാഹചര്യങ്ങളിലേയ്ക്കെത്തി

LIBRARY ARCHIVES Kerala Legislative Assembly

ച്ചതിന്റെ ഉത്തരവാദിത്വം ശ്രീ. കെ. സി. ജോസഫിനെപ്പോലുള്ളവർക്കുണ്ടെന്ന് മനസ്സിലാക്കണം, ഇത് ഇതുപോലെ ഒഴിവുകഴിവുകൾകൊണ്ട് നീട്ടിക്കൊണ്ടു പോയതാണ്. നിങ്ങളിവിടെ ഭരണത്തിലുണ്ടായിരുന്ന സമയത്തും ഈ അവസ്ഥ നിലനിൽക്കുകയായിരുന്നു. അന്നതിന് പരിഹാരം കാണാമായിരുന്നു, നിങ്ങളത് നോക്കിയില്ല.....ബഹളം..... തയ്യാറാക്കിയതുകൊണ്ട് കാര്യമില്ല ഇലക്ഷൻ വരുന്നതുവരെ നിങ്ങൾ എന്തുചെയ്തു? ഇലക്ഷൻ പെട്ടെന്ന് പൊട്ടിവീണതാണോ? 5 കൊല്ലം കൂടുമ്പോഴാണ് ഇലക്ഷൻ വരുന്നത്. നിങ്ങൾ പല പ്രശ്നങ്ങൾക്കും പറയുന്ന ഒരു മറുപടി എന്താണെന്നുവച്ചാൽ ഞങ്ങൾ ആലോചിച്ചു, തീരുമാനിക്കാൻ പോകുമ്പോഴേയ്ക്കും ഇലക്ഷൻ വന്നു എന്നാണ്. എന്തിനാണ് 5 കൊല്ലംവരെ കാത്തുനിൽക്കുന്നത്? അപ്രതീക്ഷിതമായി വന്നതാണോ ഇലക്ഷൻ? ആരുടെയെങ്കിലും മരണത്തെത്തുടർന്ന് വന്ന ഉപതെരഞ്ഞെടുപ്പുകളാണോ? 5 കൊല്ലത്തിനിടയിൽ മുൻഗണനാക്രമത്തിൽ ചെയ്യേണ്ടത് ഒന്നും ചെയ്തില്ല. ഇത് എത്രയോ കൊല്ലമായി നമ്മുടെ സംസ്ഥാനത്തൊട്ടാകെ സജീവമായ ഒരു പ്രശ്നമായിരുന്നതാണ്. ആദിവാസികളുടെ പ്രശ്നം നമ്മൾ രണ്ടുമൂന്ന് കൊല്ലക്കാലമായി പരസ്പരം ചർച്ചചെയ്ത് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചതാണ്. ആ അവസ്ഥയിലേയ്ക്ക് ഇത് എത്തിച്ചതിന് ഉത്തരവാദി നിങ്ങളല്ലേ? എത്രമാത്രം ബുദ്ധിമുട്ടിയിട്ടാണ് ആ പ്രശ്നങ്ങൾക്ക് ഞങ്ങൾ പരിഹാരമുണ്ടാക്കാൻ ശ്രമിച്ചത്? വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾ തട്ടിത്തട്ടി അത് വല്ലവരും ചെയ്യട്ടെ എന്നനിലയിൽ മാറ്റിവച്ചതിന്റെ ഫലമായിട്ടാണ് ഈ അവസ്ഥ ഉണ്ടായതെന്നുകൂടി നിങ്ങൾ മനസ്സിലാക്കണം. ഏതായാലും എത്ര ഗൗരവമുള്ള പ്രശ്നങ്ങളാണെങ്കിലും എത്ര ഊരാക്കുടുക്കുകളാണെങ്കിലും ആ കുടുക്കുകളഴിച്ച് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ടാണ് ഓരോന്നോരോന്നായി പരിഹരിക്കാൻ ശ്രമിക്കുന്നത്. ഇതും ഞങ്ങൾ പരിഹരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അത് പരിഹരിക്കുമ്പോൾ കർഷകത്തൊഴിലാളികൾ, ആദിവാസികൾ, ഹരിജനങ്ങൾ, പാവപ്പെട്ട ആളുകൾ, തുടങ്ങി ഭൂമി കിട്ടാനർഹതയുള്ള ആർക്കെങ്കിലും കിട്ടേണ്ട ഭൂമി ഇതിലുണ്ടോയെന്ന് പരിശോധിച്ച് അത്തരം കേസുകൾ ഒഴിവാക്കും. കൈവശക്കൃഷിക്കാരനും ജൻമിയുംതമ്മിൽ ഒത്തുകളിച്ചുകൊണ്ട് മിച്ചഭൂമി പ്രഖ്യാപനത്തെ തോല്പിക്കാൻ ശ്രമങ്ങൾ നടത്തിയിട്ടുള്ള കേസുകൾ ഏതെങ്കിലുമുണ്ടോയെന്ന് പരിശോധിക്കും, അത്തരം കേസുകളിൽ നടപടിയെടുക്കും. ഉത്തമ വിശ്വാസത്തോടുകൂടി ഭൂമി വാങ്ങി അബദ്ധത്തിൽ കുടുങ്ങിപോയ കൃഷിക്കാരന് സംരക്ഷണം കൊടുക്കുകയും ചെയ്യും, അതിനൊക്കെ സമയമെടുക്കും.

<u>ശ്രീ. കെ. സി ജോസഫ്</u> : സർ, രണ്ടുകൊല്ലത്തിനുള്ളിൽ ലാൻഡ് റിഫോംസ് ആക്ടിന് അങ്ങ് ഭേദഗതി നിയമം കൊണ്ടുവരുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, രണ്ടുകൊല്ലം തന്നെ അതിന് ആവശ്യമില്ല. രണ്ടുകൊല്ലക്കാലത്തെ കാലാവധി വയ്ക്കുന്നത് കൂടിയാലോചനകൾക്ക് സമയവും സൗകര്യവുമെടുത്തുകൊണ്ട് രണ്ടു കൊല്ലത്തിനുള്ളിൽ ഒരു ഭേദഗതി നിയമം കൊണ്ടുവരുന്നതിനുവേണ്ടിയാണ്. അതുകൊണ്ട് ഇങ്ങനെ രണ്ടുകൊല്ലംകൂടി നീട്ടിക്കൊടുക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ലാത്തതാണ്. ഇത്തരം അനുഭവം നേരിടുന്ന ധാരാളം കൃഷിക്കാർ മലബാർ മേഖലയിൽ ഉണ്ട്. അവർക്കെല്ലാം തൽക്കാല ആശ്വാസം കിട്ടണമെന്നുദ്ദേശിച്ചുകൊണ്ടാണ് ഇങ്ങനെ ബിൽ കൊണ്ടുവന്നിട്ടുള്ളത്. എല്ലാവരും ഏകകണ്ഠമായി ഇതിനെ അംഗീകരിക്കുന്നു എന്നുള്ളതുകൊണ്ട് ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.വർഗ്ഗീസ് വൈദ്യർ, ശ്രീ. സി.പി. ബാലൻ വൈദ്യർ, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999 -ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

മി. സ്പീക്കർ : 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാംവകുപ്പ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(75) മൂന്നാം വകുപ്പിലെ (1)-ാം ഉപവകുപ്പ് (എ) ഇനത്തിൽ "കൈവശം വച്ചിരിക്കുന്നതോ പിന്നീട്" എന്നീ വാക്കുകൾക്കു പകരം "കൈവശം വച്ചിരിക്കുന്നതും" എന്ന് ചേർക്കേണ്ടതാണ്.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഓർഡറിലല്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച് ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(86) 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന പുതിയ വകുപ്പുകൾ ചേർക്കുക:

(4) "ഭൂമി ആർജ്ജിച്ച ചില ചെറുകിട ഭൂമി കൈവശക്കാരെ കൂടിയാൻമാരായി കരുതണമെന്ന്:-

1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ (1964-ലെ 1) 74-ഉം, 84-ഉം വകുപ്പുകളിലോ, മറ്റേതെങ്കിലും വ്യവസ്ഥയിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും കരാറിലോ ആചാരത്തിലോ പഴക്കത്തിലോ ഏതെങ്കിലും, കോടതിയുടെയോ ട്രൈബ്യൂണലിന്റേയോ മറ്റ് അധികാരസ്ഥാനത്തിന്റേയോ, ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ചെറുകിട കൈവശക്കാരൻ 1996-ലെ കേരള ഭൂപരിഷ്കരണ(ഭേദഗതി)ആക്ടിന്റെ പ്രാരംഭത്തിൽ അയാളോ അയാളുടെ പൂർവ്വാവകാശിയോ മറ്റൊരാളിൽനിന്ന് ആധാരം മുഖേനയോ മറ്റു വിധത്തിലോ മതിപ്പ് വില നൽകി ആർജ്ജിച്ച ഏതെങ്കിലും ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ 1996-ലെ കേരള ഭൂപരിഷ്കരണ ഭേദഗതി(1964-ലെ 1) ആക്ടിന്റെ പ്രാരംഭ തീയതിവരെയുള്ള കാലയളവിൽ അയാളുടെ കൈവശത്തിലിരിക്കുകയാണെങ്കിൽ ഈ ആക്ടിന്റെ എല്ലാ ആവശ്യങ്ങൾക്കും ഒരു കുടിയാനായി കരുതപ്പെടേണ്ടതാണ്.

(5) 1963-ലെ കേരള ഭൂപരിഷ്കരണ ആക്ട് (1964-ലെ 1) ലെ ഏതെങ്കിലും വകുപ്പുകളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനത്തിന്റേയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുകളിൽ 4-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭൂമി ആർജ്ജിക്കൽ, അങ്ങനെ ആർജ്ജിച്ച ഭൂമി, ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വിൽപ്പനക്കാരൻ തന്റെ മിച്ചഭൂമിയായി വിട്ടുകൊടുക്കപ്പെടാൻ ബാദ്ധ്യതയുള്ള ഭൂമിയിൽ ഉൾപ്പെടുന്നതായി കാണുകയോ അല്ലെങ്കിൽ അതിന്റെ ഭാഗമായോ ആയിരുന്നു എന്നോ മാത്രമുള്ള കാരണംകൊണ്ട് അസാധുവായി എന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നതായോ കരുതാവുന്നതല്ല".

3-ാം വകുപ്പിനുശേഷം ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷിക പരിഷ്കരണ നിയമത്തിനാവശ്യമായിട്ടുള്ള ഒരു ഭേദഗതിയാണിത്. ഇപ്പോൾ ഇതിൽ രണ്ടുവർഷക്കാലത്തേയ്ക്ക് കൃഷിക്കാരെ ഒഴിപ്പിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. രണ്ടുവർഷമെന്നുപറഞ്ഞാൽ ഈ ഗവൺമെന്റിന്റെ കാലാവധികൂടി കഴിയുകയാണ്. രണ്ടുവർഷത്തിനുള്ളിൽ ഇനി കാർഷികപരിഷ്കരണ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവരാമെന്നാണ് ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഞാൻ അങ്ങയുടെ അറിവിനുവേണ്ടി പറയുകയാണ്. ഞങ്ങളൊന്നും ചെയ്തില്ലായെന്നുപറഞ്ഞാൽ ഇത് നിയമസഭയിലെ 170-ാമത്തെ ബില്ലാണ്. 1996-ൽ ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 9-ാം കേരള നിയമസഭയിൽ യു.ഡി.എഫ്. ഗവൺമെന്റ് അന്ന് 170-ാമത്തെ ആ ബിൽ പബ്ളിഷ് ചെയ്തു. സർക്കുലേറ്റുചെയ്തു. സർക്കുലേറ്റ് ചെയ്തത് കാർഷികപരിഷ്ക്കരണ നിയമത്തിന്റെ അമെന്റുമെന്റാണ്. ആ നിയമത്തിന്റെ 7(ഡി) വകുപ്പിനുശേഷം ഒരു പുതിയ വകുപ്പുകൊണ്ടുവന്ന് കൃഷിക്കാരെ deemed tenants ആയി അതിൽ ഉൾപ്പെടുത്തി. അതുപോലെതന്നെ കാർഷികപരിഷ്കരണ നിയമത്തിലെ 84-ാം വകു

LIBRARY ARCHIVES Kerala Legislative Assembly

പ്പിന് ഒരു ഭേദഗതി കൊണ്ടുവന്നു. deemed tenants ആയ കൃഷിക്കാർ അവർ വാങ്ങിയ ഭൂമി, പ്രമാണപ്രകാരമാകട്ടെ, അല്ലാതെയാകട്ടെ മിച്ചഭൂമിയാണെങ്കിൽപ്പോലും അത് ഇൻവാലിഡ് അല്ലെന്നു കൂട്ടിച്ചേർക്കുന്ന ഒരു വകുപ്പാണത്. ഇതുരണ്ടും ചേർത്തുകൊണ്ട് ഞങ്ങൾ ആ ബിൽ പബ്ലിഷ് ചെയ്തു; സർക്കുലേറ്റ് ചെയ്തു. പക്ഷേ തെരഞ്ഞെടുപ്പുവന്നു, നിയമസഭ പിരിഞ്ഞു, അതിനിപ്പോൾ ഞങ്ങളെ പറഞ്ഞിട്ട് കാര്യമില്ല. അതിനിടയിൽ ഞങ്ങളൊരു കാര്യം ചെയ്തു. ഒരുവർഷത്തേയ്ക്ക് ഒഴിപ്പിക്കൽ നിർത്തിവച്ചുകൊണ്ട് ഞങ്ങൾ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അത് ഗവർണർക്ക് കൊടുത്തു. അപ്പോൾ ഗവർണർ പറഞ്ഞത് ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ നോട്ടിഫിക്കേഷനായി, അതുകൊണ്ട് പുതിയ ഗവൺമെന്റ് ആ ഓർഡിനൻസ് റീ-പ്രൊമുൽഗേറ്റ് ചെയ്യാൻവേണ്ടി സമർപ്പിക്കട്ടെ എന്നാണ്. തെരഞ്ഞെടുപ്പുകഴിഞ്ഞു, പുതിയ ഗവൺമെന്റ് വന്നു. ഗവർണർ പറഞ്ഞിരിക്കുന്നത് തെരഞ്ഞെടുപ്പുകഴിഞ്ഞ് വരുന്ന പുതിയ ഗവൺമെന്റ് ആ ഓർഡിനൻസ് റീ-സബ്മിറ്റ് ചെയ്യട്ടെ എന്നാണ്. എന്നാൽ അത് റി-സബ്മിറ്റ് ചെയ്തില്ല. റീസബ്മിറ്റ് ചെയ്യാതെ വന്നപ്പോൾ ഞാൻ ഗവൺമെന്റിന്റെ നടപടിയെ നിശിതമായി വിമർശിക്കുകയുണ്ടായി. ഗവർണർ റീസബ്മിറ്റ് ചെയ്യണമെന്ന് പറഞ്ഞ ആ ഓർഡിനൻസ് റീ-സബ്മിറ്റ് ചെയ്ത് അത് ഈ ഗവൺമെന്റ് നിലവിൽ വരുത്തിയില്ല എന്നുപറഞ്ഞാൽ അതിൽ എന്നെ കുറ്റപ്പെടുത്തണ്ട. 1998-ൽ ബഹുമാനപ്പെട്ട കെ.ഇ. ഇസ്മയിൽ ഒഴിപ്പിക്കൽ നിർത്തിവയ്ക്കണമെന്ന ബിൽ കൊണ്ടുവന്നു, അത് നിയമസഭ പാസ്സാക്കി, ഒരുവർഷത്തേയ്ക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു. അതിന്റെ കാലാവധി എന്നാണ് കഴിഞ്ഞതെന്നറിയാമോ? അത് കഴിഞ്ഞ മാർച്ച് 30-ന് കഴിഞ്ഞു. അതിനുമുൻപ് അത് എക്സ്റ്റന്റ് ചെയ്യാനുള്ള നടപടി പോലും ഗവൺമെന്റ് സ്വീകരിച്ചില്ല, മാർച്ചുമാസം കഴിഞ്ഞപ്പോൾ അത് ലാപ്സായി. അതുകഴിഞ്ഞ് ജൂലൈമാസത്തിൽ വീണ്ടും രണ്ടുവർഷത്തേയ്ക്ക് ഒഴിപ്പിക്കൽ നിർത്തിവച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണ് കൊണ്ടുവന്നിരിക്കുന്നത്. ഇങ്ങനെ piecemeal ആയിട്ടുള്ള ഏർപ്പാടുവേണ്ട, നിങ്ങൾക്കിത് ഡ്രാഫ്റ്റ് ചെയ്യുകപോലും വേണ്ട. അതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് 7'ഡി'-യിൽ രണ്ടു വകുപ്പുകൾകൂടി ചേർക്കുന്നതിന് ഞാൻ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഭൂമി ആർജിച്ച ചില ചെറുകിടഭൂമി കൈവശക്കാരെ ഡീംഡ് കുടിയാൻമാരായി കരുതണം; അവർ വാങ്ങിയ ഭൂമി മിച്ചഭൂമിയാണെങ്കിലും അത് ഇൻവാലിഡ് അല്ല എന്നീ രണ്ടു വകുപ്പുകൂടി ഉണ്ടെങ്കിലല്ലേ അത് ശാശ്വതമാകുകയുള്ളൂ. ആളുകളെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് വിഷമിപ്പിക്കുന്നതെന്തിനാണ്? ഒരുവർഷത്തേയ്ക്ക് രണ്ടുവർഷത്തേയ്ക്ക്, പിന്നെ ആറുമാസത്തേയ്ക്ക് ഈ നിലയിലാണോ ഇത് കൈകാര്യം ചെയ്യേണ്ടത്? ഇത് കൃഷിക്കാരുടെ ഒരു പ്രശ്നമല്ലേ? കൃഷിക്കാരുടെ പ്രശ്നങ്ങൾ വരുമ്പോൾ നമ്മൾ കുറച്ചൊരു ഔദാര്യം കാണിക്കണം.

<u>ശ്രീ. എ. കണാരൻ</u> : സർ, മിച്ചഭൂമി കൈവശമെടുത്തുകളയാൻ നോക്കണ്ട, അത് മനസ്സിലിരുന്നാൽ മതി, അത് കളികാര്യമാകും ....

(ബഹളം.....)

<u>ശ്രീ. കെ. എം. മാണി</u> : സർ, ഇപ്പോൾ ഇവരുടെ മനസ്സിലിരുപ്പ് പുറത്തുവന്നു. അപ്പോൾ കൃഷിക്കാർക്ക് അവരുടെ കൈവശഭൂമികൊടുക്കാൻ, കാർഷിക പരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ നിങ്ങൾക്ക് ഉദ്ദേശമില്ല. പക്ഷേ ബഹുമാനപ്പെട്ട കെ.ഇ. ഇസ്മയിൽ പറഞ്ഞത് ഭേദഗതി ചെയ്യുമെന്നാണ്. മാർക്സിസ്റ്റ് പാർട്ടി അതിന് തയ്യാറല്ല, സി.പി.ഐ. തയ്യാറാണ്.....

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം.....) അങ്ങനെ കൃഷിക്കാരെ കബളിപ്പിക്കാൻ പറ്റില്ല. 7 (ഡി) എന്നൊരു പുതിയ വകുപ്പ് കൊണ്ടുവരണം. അതുപോലെതന്നെ 84-ാം വകുപ്പിന് ഭേദഗതിയായി വേറൊരു വകുപ്പ് വരണം. അതുകൊണ്ട് 3-ാം വകുപ്പിനുശേഷം പുതുതായി ഞാൻ നോട്ടീസ് നൽകിയിരിക്കുന്ന രണ്ട് ക്ലാസ്സുകൂടി ഈ നിയമത്തിലുൾപ്പെടുത്തി നിയമം പാസ്സാക്കിയാലേ മലബാറിലെ കൈവശക്കൃഷിക്കാർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ഇസ്മയിൽ കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു. രണ്ടുവർഷത്തേയ്ക്കാണെങ്കിൽ അത്രയുമായില്ലേ? പക്ഷെ ശാശ്വതമായ പരിഹാരമുണ്ടാക്കാൻ രണ്ട് ക്ലാസ്സ്കൂടി ഈ ബില്ലിൽ ചേർക്കണം. ഈ രണ്ട് ക്ലാസ്സുകൂടി ഉൾപ്പെടുത്തിവേണം ഈ ബില്ല് പാസ്സാക്കാൻ, അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ശ്രീ. കെ.എം. മാണി കൃഷിക്കാരുടെ വക്താവാണെന്ന് നമുക്കൊക്കെ അറിയാമല്ലോ. ഇന്നും അവർക്കുവേണ്ടി വഴക്കുണ്ടാക്കാൻ ശ്രമിച്ച ആളാണ്. അദ്ദേഹത്തിന്റെ പ്രാണവായുതന്നെ കൃഷിക്കാരാണ് കൃഷിക്കാരിലൂടെയാണ് തന്റെ നിലനിൽപ്പെന്ന് ബോദ്ധ്യപ്പെടുത്താനുള്ള എല്ലാ വെപ്രാളവും അദ്ദേഹം കാണിക്കുന്നുണ്ട്. ഇന്ന് അദ്ദേഹം റബ്ബർകൃഷിക്കാരുടെ കാര്യം പറഞ്ഞു. അങ്ങനെ ആത്മാർത്ഥതയുള്ള ബഹുമാനപ്പെട്ട കെ.എം. മാണി അഞ്ച് കൊല്ലക്കാലം ഭരിച്ചിട്ട് ഒന്നും ചെയ്യാതെ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഒരു ബിൽ, അതുകഴിഞ്ഞ് കാബിനറ്റ്കൂടി ഒരു ഓർഡിനൻസ് അവതരിപ്പിച്ച് കൃഷിക്കാരെന്നു പറയുന്ന പാവപ്പെട്ട മനുഷ്യരെ വഞ്ചിക്കുകയാണ് ചെയ്തത്. അവരെ വിഡ്ഢികളാക്കിക്കൊണ്ട് ചെയ്യുന്ന ഈ അഭ്യാസം ഇനിയെങ്കിലും അവസാനിപ്പിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന രണ്ടാമത്തെ വർഷം കുടിയിറക്ക് നിർത്തിവയ്ക്കാനുള്ള നടപടി കൊണ്ടുവന്നല്ലോ. ഞങ്ങൾ അവരെ വഞ്ചിക്കാനൊന്നും ശ്രമിച്ചിട്ടില്ല. ഞാൻ വളരെ വ്യക്തമായി പറയുന്നു, നിങ്ങളുടെ ഈ തട്ടിപ്പു കൊണ്ടൊന്നും കാര്യം നടക്കുകയില്ല. കൃഷിക്കാരോട് അത്രയേറെ പ്രതിബദ്ധതയുണ്ടെങ്കിൽ അഞ്ചുകൊല്ലം നിങ്ങൾ അധികാരത്തിൽ ഉണ്ടായിരുന്ന കാലത്ത് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതുവരെ അവരെ എന്താണ് മറക്കാൻ കാര്യം? എന്തുകൊണ്ടാണ് കൃഷിക്കാരെ മറന്നത്? ഞങ്ങൾ എതിർത്താലും നിങ്ങൾക്ക് ഭൂരിപക്ഷത്തോടെ അത് പാസ്സാക്കാമായിരുന്നില്ലേ? ശ്രീ. കെ. കരുണാകരനും, ശ്രീ. എ.കെ. ആന്റണിയും മുഖ്യമന്ത്രിമാരായി ഭൂരിപക്ഷത്തോടെ ഇവിടെ ഭരിച്ചിരുന്നതല്ലേ? ഞങ്ങൾ പ്രതിപക്ഷത്തല്ലേ ഇരുന്നത്? എന്തുകൊണ്ട് നിങ്ങൾ നിയമം കൊണ്ടുവന്നില്ല? ഞങ്ങളുടെ എതിർപ്പുകൊണ്ടാണോ? ഞാൻ ചോദിക്കട്ടെ നിങ്ങൾക്ക് ഇത് നടപ്പിലാക്കണമെന്ന് വല്ല ആഗ്രഹവുമുണ്ടോ? കൃഷിക്കാരെ പറഞ്ഞുപറ്റിച്ചുകൊണ്ട് ഇങ്ങനെ നീട്ടിനീട്ടികൊണ്ടുപോകണം; അതാണ് നിങ്ങളുടെ ആഗ്രഹം. ഞങ്ങൾ അത് ചിന്തിക്കുന്നില്ല, ഞങ്ങൾ അങ്ങനെ ആഗ്രഹിക്കുന്നില്ല. യഥാർത്ഥ കൈവശക്കാർ, നിരപരാധികൾ, വിശ്വാസത്തോടെ കാശ്കൊടുത്ത് ഭൂമി വാങ്ങിയ ആളുകൾ ആരൊക്കെയുണ്ടോ അവർക്കൊക്കെ സംരക്ഷണം കൊടുക്കുമെന്നുതന്നെയാണ് ഈ ഗവൺമെന്റ് പറയുന്നത്. ഇത് ഞങ്ങൾക്ക് പരിശോധിക്കാൻ സമയം വേണം. യഥാർത്ഥത്തിൽ ഭൂരഹിതരായിട്ടുള്ള ആളുകൾക്ക് കിട്ടാനുള്ള അർഹതപ്പെട്ട ഭൂമി ആരെങ്കിലും തട്ടിച്ചെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കണം. അത് പരിശോധിക്കാൻ സമയം വേണം. അതുകൂടി പരിശോധിച്ച് ഭൂപരിഷ്കരണ നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അതിനൊരു നിയമസാധുതയുണ്ടാക്കാൻ ആഗ്രഹിക്കുകയാണ്. അതിനുള്ള സമയവും സാവകാശവും കിട്ട

LIBRARY ARCHIVES Kerala Legislative Assembly

ണം. അതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഞാൻ പറയുന്നത് ഞങ്ങളുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യണ്ട എന്നാണ്. അദ്ദേഹം ഒന്നാന്തരം വക്കീലാണല്ലോ. ഏത് കേസും ഭംഗിയായി വാദിച്ച് തോൽക്കുന്ന ആളല്ലേ? വാദിക്കാൻ കഴിയുന്ന ആളല്ലേ? എന്തുകൊണ്ടാണ് ഇത് മനസ്സിലാകാതെ പോയത്? നിയമസഭാ തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിൽ ഇത് പെട്ടെന്ന് പൊട്ടിവീണതൊന്നുമല്ലല്ലോ? നിങ്ങൾ ശുപാർശചെയ്ത്, നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചതല്ലേ? അതുകൊണ്ട് അങ്ങനെയൊന്നും ആരുടെയും കണ്ണിൽ പൊടിയിടാൻ ശ്രമിക്കണ്ട. കൃഷിക്കാർ അത്രയ്ക്ക് വിഡ്ഢികളല്ല. കൃഷിക്കാരുടെ കാര്യത്തിൽ ന്യായമായരീതിയിൽ പ്രശ്നപരിഹാരമുണ്ടാക്കാൻതന്നെയാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ മറ്റൊന്നും ചിന്തിക്കേണ്ട ആവശ്യമില്ല. ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമല്ല.

മി.സ്പീക്കർ : ശ്രീ. കെ.എം. മാണി അങ്ങയുടെ 86-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എം. മാണി : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ.എം. മാണി അവതരിപ്പിച്ച 86-ാം നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ.എം. മാണി : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :

അനുകൂലിക്കുന്നവർ - 32

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. എ.കെ. ആന്റണി
4. ശ്രീ. ഇ.എം. അഗസ്തി
5. ശ്രീ. കെ. ബാബു
6. ശ്രീ. വി. ബാലറാം
7. ശ്രീ. പി.കെ.കെ. ബാവ
8. ശ്രീ. കെ.എ. ചന്ദ്രൻ
9. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
10. ശ്രീ. പി.ജെ. ഫ്രാൻസിസ്
11. ശ്രീ. ജോർജ് ജെ. മാത്യു
12. ശ്രീ. ജോണി നെല്ലൂർ
13. ശ്രീ. കെ.സി. ജോസഫ്
14. ശ്രീ. പി.ജെ. ജോയി
15. ശ്രീ. കെ.കെ. നായർ
16. ഡോ. എം.എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
18. ശ്രീ. കെ.എം. മാണി

LIBRARY ARCHIVES Kerala Legislative Assembly

19. ശ്രീ. കെ. മുഹമ്മദാലി
20. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
21. ശ്രീ. എ.കെ. മണി
22. ശ്രീ. സി. മൊയീൻകുട്ടി
23. ശ്രീ. ആര്യാടൻ മുഹമ്മദ്
24. ശ്രീ. എം.കെ. മുനീർ
25. ശ്രീ. എം. മുരളി
26. ശ്രീ. എഴുകോൺ നാരായണൻ
27. ശ്രീ. അടൂർ പ്രകാശ്
28. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
29. ശ്രീമതി രാധാ രാഘവൻ
30. ശ്രീമതി റോസമ്മ ചാക്കോ
31. ശ്രീ. കെ. സുധാകരൻ
32. ശ്രീ. കെ.പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ - 47

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. പി.സി. ജോർജ്
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. കെ.ഇ. ഇസ്മയിൽ
14. ശ്രീ. സി.എൻ. ജയദേവൻ
15. ശ്രീ. എം.വി. ജയരാജൻ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. എ. കണാരൻ
18. ശ്രീ. എൻ. കണ്ണൻ
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. പി.കെ. കുമാരൻ
21. ശ്രീമതി അർ. ലതാദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
24. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
25. ശ്രീ. സി.കെ. നാണു
26. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
27. ശ്രീ. കെ. പ്രകാശ് ബാബു
28. ശ്രീമതി എൻ.കെ. രാധ
29. ശ്രീ. കെ. രാധാകൃഷ്ണൻ
30. ശ്രീ. പി. രാഘവൻ
31. ശ്രീ. സി.കെ. രാജേന്ദ്രൻ
32. ശ്രീ. പി. രാജു
33. ശ്രീ. രാജു എബ്രഹാം
34. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
35. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
36. ശ്രീ. എസ്. ശർമ്മ
37. ശ്രീ. യു.എസ്. ശശി
38. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
39. ശ്രീ. സത്യൻ മൊകേരി
40. ശ്രീ. സെബാസ്റ്റ്യൻ പോൾ
41. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
42. ശ്രീ. ടി. ശിവദാസമേനോൻ
43. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
44. ശ്രീ. പി.എസ്. സുപാൽ
45. ശ്രീ. എം.പി. വർഗ്ഗീസ്
46. ശ്രീ. വർഗ്ഗീസ് വൈദ്യർ
47. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മിസ്റ്റർ സ്പീക്കർ : ഭേദഗതിയെ അനുകൂലിക്കുന്നവർ.....32

പ്രതികൂലിക്കുന്നവർ.....47

നിഷ്പക്ഷത പാലിക്കുന്നവർ.....ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(72) പീഠികയിലെ മൂന്നാം ഖണ്ഡികയിൽ "ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ ഒരു താൽക്കാലിക കാലയളവിലേക്ക്" എന്ന വാക്കുകൾക്കുപകരം "ഒരു നിയമനിർമ്മാണം നടത്തുന്ന കാലയളവുവരെ" എന്നു ചേർക്കണം.

(73) പീഠികയിലെ ഏഴാം ഖണ്ഡികയിലെ "താൽക്കാലികമായി" എന്ന ഭാഗം നീക്കം ചെയ്യേണ്ടതാണ്.

(74) വകുപ്പ് 1 ഉപവകുപ്പ് (3) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്. "ഇത് 1999 മാർച്ച് 31 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ഒരു കാര്യം പറയുവാനുള്ളത്, ഇവിടെ മന്ത്രി പറഞ്ഞത് വസ്തുത അല്ല. കാരണം എന്തുകൊണ്ട് നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചപ്പോൾ ചെയ്തുകൂടായിരുന്നു എന്നൊക്കെ ചോദിച്ചു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇസ്മയിൽ പറഞ്ഞത് ഗൗരവമായി എടുക്കണ്ട. അദ്ദേഹം പറഞ്ഞത് ഈ നിയമം 1970-ൽ നടപ്പിലാക്കിയത് ശ്രീ. അച്യുതമേനോനാണ്; 1987 മുതൽ ഈ നിയമം നടപ്പിലാക്കിക്കൊണ്ടുവന്നത് ശ്രീ. പി.എസ്. ശ്രീനിവാസനാണ്; അവരാരും ഒന്നും ചെയ്തില്ല, ആ കൂട്ടത്തിൽ ശ്രീ. കെ.എം. മാണി ചെറുതായേ ചെയ്തുള്ളൂ എന്നാണ്.

<u>ശ്രീ. കെ.സി. ജോസഫ്</u> : മലബാറിൽ ഒഴിപ്പിക്കൽ ഭീഷണിയുണ്ടാകുന്നത് 1995 ഡിസംബറിലാണ്.

<u>ശ്രീ. കെ.എം. മാണി</u> : കോഴിക്കോട് കളക്ടറേറ്റിൽ മലബാറിലെ എം. എൽ. എ.മാരെ മുഴുവൻ വിളിച്ചുകൂട്ടി ഇവരുടെ കൺസെൻസസ് എടുത്ത് യു. ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 170-ാം നമ്പർ ബിൽ അനുസരിച്ച് അല്ലേ?

<u>ശ്രീ. കെ.സി. ജോസഫ്</u> : അതാണ് യാഥാർത്ഥ്യം. ഒഴിപ്പിക്കൽ ഭീഷണിയുണ്ടാകുന്നത് 1995 ഡിസംബർ മാസമാണ്. ഹൈക്കോടതി വിധിയുണ്ടായി. അതുവരെ ഒഴിപ്പിക്കൽ ഭീഷണി ഇല്ല. 1-3-96-ലെ പത്രത്തിലുണ്ട്. 1996 മാർച്ച് മാസം 1-ാം തീയതി വ്യാഴാഴ്ച മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയുടേയും റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയുടേയും നേതൃത്വത്തിൽ യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ ശ്രീ. സി.എഫ്. തോമസ്, ശ്രീ. എ. സുജനപാൽ, ശ്രീ. കെ.സി. ജോസഫ്, ശ്രീ. കെ.പി. നൂറുദ്ദീൻ, ശ്രീ. സി.പി. ജോൺ, ശ്രീ. ബേബി ജോൺ, ശ്രീ. ടി.കെ. രാമകൃഷ്ണൻ, ഡോ. കെ.സി. ജോസഫ്, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ ഇവരെല്ലാം പങ്കെടുത്തു. മലബാറിൽ കർഷകർ വാങ്ങിയശേഷം മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി കൈവശം വച്ചവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ തരത്തിൽ ഭൂപരിഷ്കരണ നിയമത്തിൽ മാറ്റം വരുത്തുന്നതാണെന്ന് ആ യോഗത്തിൽ ധാരണയായി. ബിൽ കൊണ്ടുവന്നു. അപ്പോഴാണ് ഇലക്ഷൻ വന്നത്. ഞങ്ങൾ ആത്മാർത്ഥതക്കേട് കാണിച്ചിട്ടില്ല. ഞങ്ങൾ ആ കാര്യത്തിൽ ആത്മാർത്ഥത കാണിച്ചു. ആ പ്രശ്നമുണ്ടായപ്പോൾ ശ്രീ. ടി.കെ. രാമകൃഷ്ണനുൾപ്പെടെ സമ്മതിച്ചതാണ്. ഈ സഭയിൽ എല്ലാപേരുടേയും അഭിപ്രായ ഐക്യമുണ്ടായി. നിയമം വന്നു. ഇലക്ഷൻ പ്രഖ്യാപിച്ചു, ഞങ്ങൾ ഓർഡിനൻസ് കൊണ്ടുവന്നു. ഇപ്പോൾ നിയമത്തിന്റെ കാലാവധി അങ്ങ് ലിമിറ്റ്ചെയ്തിരിക്കുകയാണ്. ഇവിടെ പറയുന്നത് "1999 മാർച്ച് 31-ാം തീയതി മുതൽ പ്രാബല്യത്തിൽ വരികയും അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ രണ്ടുവർഷം കഴിയുന്നതോടുകൂടി പ്രാബല്യം ഇല്ലാതാകുകയും ചെയ്യുന്നതാണ്" എന്നാണ്. ആ ഒരു റസ്ട്രിക്ടീവ് ക്ലാസ്

LIBRARY ARCHIVES Kerala Legislative Assembly

വേണമോ? ഈ നിയമം ടൈം ബൗണ്ട് ആക്കണോ? എൽ.ഡി.എഫ്-ന്റെ മാനിഫെസ്റ്റോയിൽ പേജ് 26-ൽ പറയുന്നത്. " 1977 ജനുവരി 1-ന് മുൻപ് വനഭൂമി കൈവശംവച്ച് ദേഹണ്ഡം ചെയ്തിട്ടുള്ള എല്ലാപ്പേർക്കും പട്ടയം നൽകും" എന്നാണ്. നിങ്ങളുടേയും പ്രഖ്യാപനമല്ലേ? ഈ സഭയിൽ പൊതുവേ ധാരണയില്ലേ? അതുകൊണ്ട് ഞാൻ ആവർത്തിച്ചു പറയുന്നു, അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ മാനിക്കുന്നു. ഇങ്ങനെ ഒഴിപ്പിക്കൽ മാത്രമായി നിരോധിക്കാതെ ലാൻഡ് റിഫോംസ് ആക്ടിൽ മാറ്റം വരുത്തണം. ലാൻഡ് റിഫോംസ് ആക്ട് 9-ാം പട്ടികയിൽപ്പെട്ടതാണ്. അതിൽ മാറ്റം വരുത്തണമെങ്കിൽ പ്രസിഡന്റിന്റെ അസന്റ് വാങ്ങിക്കണം. അങ്ങനെയുള്ള നടപടിക്കുപോകാതെ താൽക്കാലികമായി ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരേയ്ക്കുള്ള ഒരു നിയമമായി ഇതിനെ കാണുന്നത് ശരിയല്ല. എനിക്ക് അപേക്ഷിക്കാനുള്ളത് സമയബന്ധിതമാക്കാതെ ഈ നിയമം 1999 മാർച്ച് 31 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് എന്നാക്കിയാൽ മതി എന്നാണ്. അത് എന്തിനാണ് ലിമിറ്റ് ചെയ്യുന്നത്? അടുത്ത നിയമം കൊണ്ടുവരുമ്പോൾ ലാപ്സായി പോകുമല്ലോ, റിപ്പീൽ ചെയ്തു പോകുമല്ലോ. അതുകൊണ്ട് രണ്ടുകൊല്ലമായി ലിമിറ്റ് ചെയ്യുന്നത് ശരിയല്ല. കഴിഞ്ഞ ഒരുകൊല്ലംകൊണ്ട് നമ്മൾ അനുഭവിച്ചു. നിയമം വന്നില്ല. രണ്ടുകൊല്ലം ലിമിറ്റ് ചെയ്തത് ഈ നിയമത്തിന്റെ കാര്യത്തിൽ ഗുണപരമാകുമെന്നുള്ള പിടിവാശിവേണ്ട. പുതിയ ലാൻഡ് റിഫോംസ് ആക്ട് വരുന്നതുവരെയെങ്കിലും ഈ നിയമത്തിന് പ്രാബല്യം വേണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഭേദഗതികൾ സ്വീകാര്യമല്ല. ഇവിടെ പറയുന്നതൊന്നും വസ്തുതയല്ല. കാർഷിക പരിഷ്കരണ നിയമത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് പ്രവേശിക്കുന്നേയില്ല. ഇതിന്റെ ഭാഗമായി വിവിധ കോടതികളിലും ട്രിബ്യൂണലുകളിലും തീരുമാനത്തിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടേണ്ടിവരുന്ന കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കുകയാണ്. നിയമ ഭേദഗതി വരുമ്പോൾ ആ ഭേദഗതി എങ്ങനെ വേണമെന്നതിനെ സംബന്ധിച്ച് ആലോചിക്കാം. രണ്ടു കൊല്ലത്തിനകത്ത് അത്തരം തീരുമാനങ്ങൾ എടുക്കുകയും ഈ നിയമസഭയിൽത്തന്നെ ആ ഭേദഗതികൾ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്യാം. ബഹുമാനപ്പെട്ട എ. കണാരനും എനിക്കും അക്കാര്യത്തിൽ ഒരേ അഭിപ്രായമാണുള്ളത്. ഞങ്ങൾക്ക് രണ്ടു പേർക്കും ഒരേ അഭിപ്രായം ആയതുകൊണ്ടാണ് അംഗീകാരം ഉണ്ടായതും ഇപ്പോൾ അത് നന്നായിട്ട് കാമ്പെയ്ൻ ചെയ്യുന്നതും. എന്തായാലും നിയമത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് പ്രവേശിക്കുന്നേയില്ല. രണ്ടു കൊല്ലത്തിനകം ആവശ്യമായ ചർച്ചകൾ നടത്തി വ്യക്തമായ ധാരണയുണ്ടാക്കി, ഭേദഗതി അവതരിപ്പിച്ച് പാസ്സാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് നിങ്ങളുടെ കൂടെ സഹകരണം ഉണ്ടായാൽ മതി.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫ്, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതികളെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ പാസ്സാക്കണം എന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സഭ ഏകകണ്ഠമായി പാസ്സാക്കിയിരിക്കുന്നു

X. ഗവൺമെന്റ് പ്രമേയം

വിദ്യുച്ഛക്തി ബോർഡിന് എടുക്കാവുന്ന വായ്പയുടെ പരിധി വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

"1948-ലെ വിദ്യുച്ഛക്തി (വിതരണ) ആക്ട് (1948-ലെ 54-ാം കേന്ദ്ര ആക്ട്) 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, ഒരു സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് കാലാകാലങ്ങളിൽ, സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കും, ആ കാര്യത്തിനായി നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്ക് വിധേയമായും, പ്രസ്തുത നിയമത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടിവരുന്ന ഏതെങ്കിലും തുക വായ്പ എടുക്കാമെന്നുള്ളതിനാലും;

സംസ്ഥാന സർക്കാർ സംസ്ഥാന നിയമസഭയുടെ അംഗീകാരത്തോടുകൂടി, പത്തുകോടി രൂപയിൽ കൂടുതലായുള്ള പരമാവധി തുക നിശ്ചയിക്കാത്ത പക്ഷം, പ്രസ്തുത നിയമത്തിന്റെ 65-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്, ഒരു സമയം പ്രസ്തുത വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം എടുക്കാവുന്ന വായ്പത്തുക പത്തു കോടി രൂപയായതിനാലും;

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ അഭ്യർത്ഥനയനുസരിച്ച് കേരള സർക്കാർ, 1997 ഏപ്രിൽ 3-ാം തീയതിയിലെ സംസ്ഥാന നിയമസഭയുടെ പ്രമേയം വഴി നൽകിയ അംഗീകാരത്തോടുകൂടി, പ്രസ്തുത ആക്ട് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന് ഒരു സമയം എടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-2ന്റെ പരിഗണനയ്ക്കായി അയച്ച 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ കമ്മിറ്റി ഖണ്ഡംഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ 1999 ജൂലൈ മാസം 6-ാം തീയതി ഒരസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 1999 ജൂലൈ 19-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 1999 ജൂലൈ 19-ാം തീയതി തന്നെ യോഗം ചേർന്ന് ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിച്ച കമ്മിറ്റി ഭേദഗതികളൊന്നും കൂടാതെ ബിൽ അംഗീകരിക്കുകയും ചെയ്തു.

കെ.ഇ. ഇസ്മയിൽ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി-2.

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ളത്)

കൃഷിക്കാരായ കുടികിടപ്പുകാരും ചെറുകിട കൈവശക്കാരുമായ ഏതാനും പേരെ, അവർ വാങ്ങിയതും, 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടു കൊടുക്കേണ്ടതായ മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയതുമായ ഭൂമിയിൽനിന്നും ഒഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിനായുള്ള ഒരു ബിൽ

പീഠിക :- പ്രതിഫലം നൽകി വാങ്ങുകയോ മറ്റുവിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളതെന്ന് രജിസ്റ്റർ ചെയ്ത പ്രമാണങ്ങൾ മുഖാന്തിരമോ മറ്റുവിധത്തിലോ, തെളിയിക്കപ്പെട്ടിട്ടുള്ള ഭൂമിയിൽനിന്ന് ചെറുകിട ഭൂമി കൈവശക്കാരും കൃഷിക്കാരായ കുടികിടപ്പുകാരും ഒഴിപ്പിക്കൽ അഥവാ ഉടമസ്ഥാവകാശം ഇല്ലാതാക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ധാരാളം നടപടിക്രമങ്ങൾ ലാന്റ് ട്രിബ്യൂണലുകൾ, താലൂക്ക് ലാന്റ് ബോർഡുകൾ, സംസ്ഥാന ലാന്റ് ബോർഡ്, കോടതികൾ, റവന്യൂ അധികാരികൾ അഥവാ മറ്റു അധികാരികൾ മുൻപാകെ നിലവിലുള്ളതിനാലും;

അപ്രകാരം ഭൂമിവാങ്ങിയവരായ ചെറുകിട ഭൂമി കൈവശക്കാരേയും കൃഷിക്കാരായ കുടികിടപ്പുകാരേയും ഒഴിപ്പിക്കലിൽനിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കലിൽനിന്നും സംരക്ഷിക്കണമെന്ന് പൊതുജനങ്ങളും സംഘടനകളും നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരേയും കൃഷിക്കാരായ കുടികിടപ്പുകാരേയും ഒഴിപ്പിക്കലിൽനിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കുന്നതിൽനിന്നും സംരക്ഷിക്കുന്നതിനായി, അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ, ഒരു താൽക്കാലിക കാലയളവിലേക്ക് 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് (1998-ലെ 5) ഉണ്ടാക്കിയിട്ടുള്ളതിനാലും;

1999 മാർച്ച് 30-ാം തീയതി മേൽപ്പറഞ്ഞ നിയമത്തിന്റെ പ്രാബല്യ കാലാവധി അവസാനിച്ചിട്ടുള്ളതിനാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരുടേയും കൃഷിക്കാരായ കുടികിടപ്പുകാരുടേയും അങ്ങനെയുള്ള ഭൂമിയിലുള്ള അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിന് കുറച്ചുകൂടി സമയം ആവശ്യമായിരിക്കുകയാലും;

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരെയും, കൃഷിക്കാരായ കുടികിടപ്പുകാരെയും അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് ഒഴിപ്പിക്കുകയും ഉടമസ്ഥാവകാശം ഇല്ലാതാക്കുകയും ചെയ്യുകയാണെങ്കിൽ വിഷമതകൾ ഉണ്ടാകുമെന്നതിനാലും;

LIBRARY ARCHIVES Kerala Legislative Assembly

അപ്രകാരമുള്ള ചെറുകിട ഭൂമി കൈവശക്കാരെയും കൃഷിക്കാരായ കുടികിടപ്പുകാരെയും അങ്ങനെയുള്ള ഭൂമിയിൽ അവർക്കുള്ള അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിച്ചുകൊണ്ട്. ഒരു നിയമനിർമ്മാണം നടത്തുന്നതുവരെ, ഒഴിപ്പിക്കലിൽനിന്നും ഉടമസ്ഥാവകാശം ഇല്ലാതാക്കലിൽനിന്നും അവരെ താൽക്കാലികമായി സംരക്ഷിക്കേണ്ടത് പൊതുതാത്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പതാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും കാലാവധിയും.-

(1) ഈ ആക്ടിന് 1999-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1999 മാർച്ച് 31-ാം തീയതി മുതൽ പ്രാബല്യത്തിൽവരികയും അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ രണ്ട് വർഷം കഴിയുന്നതോടുകൂടി പ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്യുന്നതാണ്.

2. വ്യാഖ്യാനം.- സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, ഈ ആക്ടിൽ ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ (1964-ലെ 1) അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ .-

(1) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലോ (1964-ലെ 1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, ലാന്റ് ട്രൈബ്യൂണലിന്റെയോ, താലൂക്ക് ലാന്റ് ബോർഡിന്റെയോ സംസ്ഥാന ലാന്റ് ബോർഡിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നടപടികളിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രാബല്യത്തിലിരിക്കുന്ന കാലയളവിൽ,-

(എ) രജിസ്റ്റർ ചെയ്ത പ്രമാണത്തിന്റെ ബലത്താലോ മറ്റുവിധത്തിലോ പ്രതിഫലം നൽകി വാങ്ങിയ ആൾ എന്ന നിലയിൽ തീറാധാരം വഴിയോ മറ്റുവിധത്തിലോ കൈവശം വച്ചിരിക്കുന്നതോ, പിന്നീട് 1963-ലെ കേരള ഭൂപരിഷ്കരണ നിയമ (1964-ലെ 1)ത്തിന്റെ വ്യവസ്ഥകളനുസരിച്ച് മിച്ച ഭൂമിയായി കാണപ്പെട്ടതുമായ ഏതെങ്കിലും ഭൂമി കൈവശത്തിലോ അവകാശത്തിലോ ഉള്ള കൃഷിക്കാരനായ ഏതെങ്കിലും കുടികിടപ്പുകാരനെയോ, ചെറുകിട ഭൂമി കൈവശക്കാരനെയോ, അങ്ങനെയുള്ള ഭൂമിയിൽനിന്നും ഒഴിപ്പിക്കാനോ ഉടമസ്ഥാവകാശം ഇല്ലാതാക്കുവാനോ പാടില്ലാത്തതും;

(ബി) ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ, ബോർഡിന്റെയോ മറ്റ് അധികാരസ്ഥാനത്തിന്റെയോ മുൻപാകെ തീർപ്പാകാതെ കിടക്കുന്ന അങ്ങനെയുള്ള ഒഴിപ്പിക്കലിനോ ഉടമസ്ഥാവകാശം ഇല്ലാതാകുന്നതിനോ വേണ്ടിയുള്ള എല്ലാ നിയമ നടപടികളും നിറുത്തിവയ്ക്കപ്പെട്ടിരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമനടപടികൾ നിറുത്തിവയ്ക്കൽ ആക്ടിന്റെ (1998-ലെ 5), കാലാവധി അവസാനിച്ചിരുന്നാൽ തന്നെയും, അങ്ങനെയുള്ള കാലാവധി അവസാനിച്ചതിനുശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ഏതെങ്കിലും കോടിതിയോ, ലാന്റ് ട്രൈബ്യൂണലോ, താലൂക്ക് ലാന്റ് ബോർഡോ, സംസ്ഥാന ലാന്റ് ബോർഡോ അഥവാ അത്തരം മറ്റേതെങ്കിലും അധികാരസ്ഥാനമോ, കൃഷിക്കാരനായ കുടികിടപ്പുകാരനെയോ അല്ലെങ്കിൽ അത്തരം ചെറുകിട കൈവശക്കാരനെയോ ഒഴിപ്പിക്കുകയോ ഉടമസ്ഥാവകാശം ഇല്ലാതാക്കുകയോ ചെയ്യുന്നതിനായി ചെയ്ത ഏതെങ്കിലും സംഗതിയോ എടുത്ത ഏതെങ്കിലും നടപടിയോ അസാധുവായിരിക്കുന്നതാണ്.

(3) 1998-ലെ കേരള ഒഴിപ്പിക്കൽ നിയമ നടപടി നിറുത്തിവയ്ക്കൽ ആക്ടിന്റെ കാലാവധി തീരുന്നത്, ഈ ആക്ട് പ്രകാരം അങ്ങനെയുള്ള ചെറുകിട ഭൂമി കൈവശക്കാരനോ അല്ലെങ്കിൽ കൃഷിക്കാരനായ കുടികിടപ്പുകാരനോ ആർജ്ജിച്ചതോ, പ്രാപ്യമായതോ ആയ യാതൊരു അവകാശത്തെയോ, അല്ലെങ്കിൽ പ്രത്യേകാവകാശത്തെയോ ദോഷകരമായി ബാധിക്കുന്നതല്ല.

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
1999 ജൂലൈ 19

കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ
സെക്രട്ടറി (ഇൻ-ചാർജ്ജ്)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

Tenth Kerala Legislative Assembly

Bill No. 211

[Translation in English of the Kerala Appropriation (No. 9) Bill, 1999 published under the authority of the Governor]

THE KERALA APPROPRIATION (No.9) BILL, 1999

A

BILL

to authorise payment and appropriation of certain further sums from and out of the Consolidated Fund of the State of Kerala for the services of the financial year 1999-2000

Preamble .- WHEREAS it is necessary to authorise payment and appropriation of certain further sums from the out of the Consolidated Fund of the State of Kerala for the services of the financial year 1999-2000;

BE it enacted in the Fiftieth year of the Republic of India as follows.-

1. *Short title* :- This Act may be called the Kerala Appropriation (No. 9) Act, 1999.

2. *Issue of Rs. 277,14,83,000 from and out of the Consolidated Fund of the State of Kerala for the financial year 1999-2000.* – From and out of the Consolidated Fund of the State of Kerala, there may be paid and applied sums not exceeding those specified in column (3) of the Schedule amounting in the aggregate to the sum of Rupees two hundred and seventy seven crore fourteen lakhs and eighty three thousand towards defraying the several charges which will come in the course of payment during the financial year 1999-2000 in respect of the services and purposes specified in column (2) of the Schedule.

3. *Appropriation.*:- The sums authorised to be paid and applied from and out of the Consolidated Fund of the State of Kerala by this Act shall be appropriated for the services and purposes specified in the Schedule in relation to the financial year 1999-2000.

LIBRARY ARCHIVES Kerala Legislative Assembly

SCHEDULE
(See sections 2 and 3)

1	2		3			
Sl No	*Demand No*	*Services and Purposes*	*Sums not exceeding*			
			Voted by the Legislative Assembly Rs.		Charged on the Consolidated Fund Rs	Total Rs.
1	I	State Legislature	Revenue	10,00,000		10,00,00
2	II	Heads of States, Ministers and Headquarters Staff	Revenue	1,13,51,000	*14,30,000*	1,27,81,000
3	III	Administration of Justice	Revenue	4,00,000	..	4,00,000
4	IV	Elections	Revenue	12,50,00,000	..	12,50,00,000
5	VIII	Excise	Revenue	1,000	..	1,000
6	X	Treasury and Accounts	Revenue	1,000	..	1,000
7	XI	District Administration and Miscellaneous	Revenue	1,00,00,000	..	1,00,00,000
8	XII	Police	Revenue	1,000	..	1,000
9	XIV	Stationery and Printing and other Administrative Services	Revenue Capital	36, 74,000 53,26,000	.. ..	36, 74,000 53,26,000
10	XV	Public Works	Revenue Capital	67,43,01,000 83,13,48,000	.. ..	67,43,01,000 83,13,48,000
11	XVII	Education, Sports, Art and Culture	Revenue Capital	6,55,93,000 1,52,84,000	.. ..	6,55,93,000 1,52,84,000
12	XVIII	Medical and Public Health	Revenue Capital	51,97,000 16,33,26,000	.. ..	51,97,000 16,33,26,000
13	XX	Water Supply and Sanitation	Revenue Capital	2,00,00,000 1,53,37,000	..	2,00,00,000 1,53,37,000
14	XXI	Housing	Revenue Capital	58,78,000 5,87,000	..	58,78,000 5,87,000
15	XXII	Urban	Capital	4,25,00,000	..	4,25,00,000

LIBRARY ARCHIVES Kerala Legislative Assembly

		Development				
16	XXIV	Labour and Labout Welfare	Revenue	10,00,000	1,03,000	11,03,000
17	XXV	Social Welfare including Welfare of Scheduled Castes/Schedul ed Tribes and other Backward classes	Revenue Capital	1,04,73,000 1,65,58,000	.. ..	1,04,73,000 1,65,58,000
18	XXVII	Co-operation	Capital	5,00,00,000	..	5,00,00,000
19	XXIX	Agriculture	Revenue	14,14,63,000	..	14,14,63,000
20	XXX	Food	Revenue	10,00,00,000	..	10,00,00,000
21	XXXI	Animal Husbandry	Revenue Capital	39,000 2,90,000	.. ..	39,000 2,90,000
22	XXXIII	Fisheries	Revenue	3,50,01,000	..	3,50,01,000
23	XXXIV	Forest	Capital	2,36,000	..	2,36,000
24	XXXVI I	Industries	Revenue Capital	5,00,00,000 46,27,000	.. ..	5,00,00,000 46,27,000
25	XXXVI II	Irrigation	Revenue Capital	10,29,27,000 1,91,83,000	.. ..	10,29,27,000 1,91,83,000
26	XLI	Transport	Revenue Capital	7,000 9,89,000	.. ..	7,000 9,89,000
27	XLII	Tourism	Revenue	25,19,000	33,000	25,52,000
28	XLIII	Compensation and Assignments	Revenue	23,85,00,000	..	23,85,00,000
		Total		2,76,99,17,000	15,66,000	2,77,14,83,000

STATEMENT OF OBJECTS AND REASONS

The Bill is introduced in pursuance of Article 204(1) of the Constitution of India, read with Article 205 thereof, to authorise payment and appropriation of certain further sums from and out of the Consolidated Fund of the State of Kerala required to meet the supplementary expenditure charged on the Consolidated Fund of the State of Kerala and the grants made by the Legislative Assembly for the expenditure of the Government of Kerala for the financial year 1999-2000

T. SIVADASA MENON

845/2009.

LIBRARY ARCHIVES Kerala Legislative Assembly